शिक्षा का अधिकार

सर्व शिक्षा अभियान
सब पढ़ें सब बढ़ें

**612**

# രണ്ടാം പാദവാർഷിക മൂല്യനിർണയം 2015-'16

## മലയാളം

## അടിസ്ഥാനപാഠാവലി

ക്ലാസ്സ് VI

സമയം: 2 മണിക്കൂർ

---

**നിർദ്ദേശങ്ങൾ**

1. മൂല്യനിർണയ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനു മുമ്പ് സമാശ്വാസസമയം നൽകണം. ഈ സമയം കുട്ടികൾ ചോദ്യങ്ങൾ വായിച്ച് മനസ്സിലാക്കട്ടെ.
2. ആകെ പോയിന്റ് 25. ഓരോ ചോദ്യത്തിനും (ഒബ്ജക്ടീവ് ടൈപ്പ് ഉൾപ്പെടെ) 5/4/3/2/1 എന്നീ രീതിയിൽ പോയിന്റ് കണക്കാക്കി a/b/c/d/e എന്നിങ്ങനെ നിലവാര സൂചികകൾ നൽകണം.
3. എല്ലാ ചോദ്യത്തിനും കൂടി ലഭിക്കുന്ന നിലവാര സൂചികകൾ പരിഗണിച്ച് 5 പോയിന്റ് ശതമാന പട്ടിക ഉപയോഗിച്ച് ഓവറോൾ ഗ്രേഡ് നൽകണം. (A/B/C/D/E) ഗ്രേഡിംഗ് സൂചകങ്ങൾ ചുവടെ നൽകുന്നു.

---

പ്രവർത്തനം 1

**ജീവിതത്തിന്റെ ഉപ്പ് എന്ന പാഠഭാഗത്തിലെ ഉപ്പുകൊറ്റനെ നിങ്ങൾ പരിചയപ്പെട്ടല്ലോ. പറയിപെറ്റപന്തിരുകുലത്തിലെ മറ്റൊരാളെക്കുറിച്ചുള്ള കഥ വായിക്കൂ.**

*ആളുകൾ നാറാണത്തു ഭ്രാന്തൻ എന്നു വിളിച്ചിരുന്നുവെങ്കിലും ആൾ അദ്ഭുത പുരുഷനായിരുന്നു. ഈ  വിദ്വാൻ പതിവായി ചെയ്തു വരുന്ന ഒരു പ്രവൃത്തി, കല്ലുരുട്ടി മലയുടെ മുകളിൽ കയറ്റുകയാണ്. ഉരുണ്ട കൂറ്റൻ കല്ല് പ്രയാസപ്പെട്ടുരുട്ടി മലയുടെ മുകളിലേക്ക് കൊണ്ടുപോകും. എന്നിട്ട് ഉച്ചിയിലെത്തിക്കഴിഞ്ഞാൽ, കല്ല് കീഴോട്ട് തള്ളി വിടും. അത് ഉരുണ്ടു താഴെ വീഴുന്നതും നോക്കി നാറാണത്തു ഭ്രാന്തൻ കൈകൊട്ടിച്ചിരിക്കും.*

*അതു കഴിഞ്ഞ്, ആഹാരത്തിനു വക തേടി അദേഹം ചുറ്റി നടക്കും. നേരം ഇരുട്ടിയാൽ, അന്ന് കിട്ടിയ വക എവിടെയെങ്കിലും വച്ച് പാകം ചെയ്തു കഴിക്കും. അവിടെത്തന്നെ കിടന്നുറങ്ങുകയും ചെയ്യും.*

*ഒരു നാൾ നാറാണത്തു ഭ്രാന്തൻ ചെന്നെത്തിയത് ശവപ്പറമ്പിൽ ! നേരം ഇരുട്ടിയിരിക്കുന്നു. ഭ്രാന്തൻ വിറകെടുത്ത് തീ പൂട്ടി ഒരു മൂളിപ്പാട്ടും പാടി പാചകമാരംഭിച്ചു.*

*ഈ സമയത്ത് ചുടലയുടെ കാവൽക്കാരിയായ ദേവത അവിടെയെത്തി. സാക്ഷാൽ ചുടലഭദ്രകാളി.... കണ്ടാൽ ആരും പേടിച്ചു പോകും. തന്റെ വിഹാര സ്ഥലത്ത് ഒരു മനുഷ്യൻ ഇരിക്കുന്നതു കണ്ട് ദേവി ക്ഷോഭിച്ചു. നാറാണത്തു ഭ്രാന്തന്റെ അടുക്കൽച്ചെന്ന് അവൾ ആക്രോശിച്ചു. "ഹേ മനുഷ്യാ, നീ ആരാണ് ? നിനക്കിവിടെന്തുകാര്യം?" നാറാണത്തു ഭ്രാന്തൻ യാതൊരു കൂസലുമില്ലാതെ ഭദ്രകാളിയെ തുറിച്ചുനോക്കി. എന്നിട്ട് ഉദാസീന മട്ടിൽ പറഞ്ഞു:*

*"നല്ല ചോദ്യം, കാണാൻ പാടില്ലേ, ഞാനാരാണെന്ന്: ഒരു മനുഷ്യൻ: ഇവിടെ വന്നു, ഇപ്പോൾ അത്താഴം വയ്ക്കുകയാണ്. ഇനി ഊണു കഴിഞ്ഞ് ഇവിടെ കിടന്നുറങ്ങും..."*

*ഭ്രാന്തന്റെ ധിക്കാരം ദേവതയ്ക്ക് പിടിച്ചില്ല. ചുടലഭദ്രകാളിയും കൂട്ടരും ഭ്രാന്തനെ പേടിപ്പിക്കാൻ ചാട്ടവും നൃത്തവും തുടങ്ങി. ഭ്രാന്തൻ കുലുങ്ങിയില്ല. തന്റെ മന്തുകാലും തടവി, അയാൾ അതെല്ലാം നോക്കിച്ചിരിക്കുന്നുണ്ടായിരുന്നു.*

*കുറെക്കഴിഞ്ഞപ്പോൾ, ഇയാൾ ദിവ്യനാണെന്ന് ദേവിയ്ക്ക് മനസ്സിലായി.*

*"അങ്ങൊരു ദിവ്യൻ തന്നെ. സംശയമില്ല. എന്തു വരമാണ് വേണ്ടത് ? ചോദിച്ചോളൂ; മടിക്കേണ്ട"*

*"വരമോ?"*

*ഭ്രാന്തൻ ചിരിച്ചു പോയി. "എന്തു വരമാണ് ദേവിയ്ക്ക് തരാൻ പറ്റുക; ആട്ടെ, എന്റെ ആയുസ്സിൽ ഒരു ദിവസം കൂട്ടിത്തരാമോ?"*

*"അതു പറ്റില്ല.."*

*"എന്നാൽ ഒരു ദിവസം കുറച്ചു തന്നാലും മതി."*

*"അതും സാധ്യമല്ല."*

*"എങ്കിൽ വേണ്ട. ഈ ഇടത്തെ കാലിലെ മന്ത് വലത്തെ കാലിലേക്കാക്കിത്തരാമോ?"*

*"ശരി" ചുടല ഭദ്രകാളി സമ്മതിച്ചു.*

*അന്നുമുതൽ നാറാണത്തു ഭ്രാന്തന്റെ മന്ത്, വലതു കാലിലേക്ക് സ്ഥലം മാറി.*

എ. അന്ന് കിട്ടിയ വക, എവിടെയെങ്കിലും വച്ച് പാകം ചെയ്തു കഴിക്കും. ഈ വാക്യത്തിൽ പ്രത്യേക അർത്ഥത്തെ സൂചിപ്പിക്കാത്ത പദം കണ്ടെത്തി എഴുതു.

ബി. നാറാണത്തു ഭ്രാന്തന്റെ സ്വഭാവ സവിശേഷതകൾ വിശകലനം ചെയ്ത് ചുവടെ കൊടുത്ത സൂചനകൾ പ്രയോജനപ്പെടുത്തി കഥാപാത്ര നിരൂപണം തയ്യാറാക്കൂ.

- ഭ്രാന്തന്റെ ജീവിത രീതി.
- ജീവിതത്തോടുള്ള ഭ്രാന്തന്റെ മനോഭാവം.

പ്രവർത്തനം - 2

തിരുവോണം, മുറ്റത്തു പൂക്കളം, ഊഞ്ഞാലാട്ടത്തോടൊപ്പം ആഹ്ലാദാരവം, ഓണക്കോടിയണിഞ്ഞ കുട്ടികൾ, ഇല നിറയെ കറികളുമായി അമ്മ ഉണ്ടാക്കിയ സദ്യ

- ☐ അത്തം കറുത്താൽ ഓണം വെളുക്കും
- ☐ ഉള്ളതുകൊണ്ട് ഓണം പോലെ

ചന്തത്തിൽ മുറ്റവും ചെത്തിപ്പറിച്ചീല
എന്തെന്റെ മാവേലി ഓണം വന്നു
പൂക്കൾ പറിച്ചീല പൂക്കളമിട്ടീല
എന്തെന്റെ മാവേലി ഓണം വന്നു

കേരളീയന് നിറമുള്ള ഓർമയും ആഘോഷവുമാണ് ഓണം. മുകളിൽ കൊടുത്തവ കൂടി പരിഗണിച്ച് ഓണത്തെക്കുറിച്ച് ഒരു ലഘു പ്രസംഗം തയ്യാറാക്കൂ...

പ്രവർത്തനം - 3

**മുത്തോർ വാക്കും മുതു നെല്ലിക്കേം**
**മുന്നേ ചവർക്കും പിന്നേ മധുരിക്കും**
**ആദ്യം ചവർത്താലും പിന്നേ പിന്നേ**
**പച്ചോളം പോലും മധുരിച്ചീടും**

മുകളിൽ കൊടുത്ത വരികളുടെ ആശയം വിശകലനം ചെയ്ത് കുറിപ്പ് തയ്യാറാക്കുക.

പ്രവർത്തനം - 4

| |
|---|
| മാനിക്കേണ്ടവരെക്കണ്ടാൽ ആചാരം പറയാത്ത ഇവനാര് ?<br>വഴിമാറെടാ... |

| |
|---|
| "എല്ലാവരും മനുഷ്യരല്ലേ, ഒരേ ചോരയല്ലേ." |

മുകളിൽ കൊടുത്ത ഭാഗങ്ങളിൽ സൂചിപ്പിച്ചിരിക്കുന്ന സാമൂഹ്യപ്രശ്നങ്ങളോടുള്ള നിങ്ങളുടെ പ്രതികരണം കുറിപ്പായി എഴുതുക.

പ്രവർത്തനം - 5

**മനുഷ്യ ജീവിതത്തിന്റെ വിവിധ തലങ്ങളെ സ്പർശിക്കുന്ന ധാരാളം നാടൻ പാട്ടുകൾ ഉണ്ട്.**

| |
|---|
| കുഞ്ഞെളം പാടം നെരന്നു നിന്നമ്മേ<br>കഞ്ഞി കുടിക്കുന്ന നേരം വന്നമ്മേ<br>പാടത്തു പോവുന്ന കാണക്കറുമ്പീ<br>വിത്തിടും പാടം നെറഞ്ഞുനിന്നമ്മേ<br>മുണ്ടവൻ പാടത്തൊരാരവം കേട്ടേ<br>വിത്തിടും പാടത്തിന്റാരവം കേട്ടേ<br>കന്നിച്ചെറുമീ കറുമ്പിപ്പെണ്ണാളേ<br>കന്നു പൂട്ടുന്ന കരിനെലമൊണ്ടേ<br>വിത്തിടും കണ്ടം വെറവെറച്ചമ്മേ<br>കുത്തിടും നെല്ലു തെറിതെറിച്ചമ്മേ<br>മുണ്ടവൻ പാടം നെരനെരന്നേ<br>മാടത്തിന്റോരത്തങ്ങോണം വന്നേ ! |

എ. **മുകളിൽ കൊടുത്ത വരികളുടെ ആശയം വിശകലനം ചെയ്ത് ഒരു കുറിപ്പ് തയ്യാറാക്കുക.**

ബി. **മാടത്തിന്റോരത്തങ്ങോണം - ഏതൊക്കെ പദങ്ങൾ ഇതിൽ ഉൾക്കൊള്ളുന്നു.**

1. മാടത്തിന്റോരത്ത്, അങ്ങോണം
2. മാടത്തിന്റോരത്തങ്ങ്, ഓണം
3. മാടത്തിന്റെ, ഓരത്ത്, അങ്ങ്, ഓണം
4. മാടത്തിന്റെ, ഓരത്തങ്ങോണം